**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4682** **5.2.2014-ൽ മറുപടിക്ക്**

**നിർമ്മൽ ഭാരത് അഭിയാൻ - രണ്ടാം ഘട്ടം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.ദിവാകരൻ<br>,, ഇ.കെ.വിജയൻ<br>,, കെ.രാജു<br>,, വി. ശശി | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| എ) നിർമൽ ഭാരത് അഭിയാന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; രണ്ടാംഘട്ട പ്രവർത്തനങ്ങളിൽ എന്തെല്ലാമാണ് ഉൾക്കൊളളിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ ; | എ) സംസ്ഥാനത്തെ 14 ജില്ലകളുടെയും നിർമ്മൽ ഭാരത് അഭിയാന്റെ പുതുക്കിയ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാൻ ദേശീയ സ്കീം സാങ്ഷനിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. 14 ജില്ലാ പ്രൊജക്ടുകളിലുമായി ആകെ നിലവിലുണ്ടായിരുന്ന ഘടകങ്ങൾക്ക് ഉപരിയായി 282339 ഗാർഹിക കക്കൂസുകൾ, 997 കമ്മ്യൂണിറ്റി സാനിട്ടറികോംപ്ളക്സുകൾ, 5326 സ്കൂൾടോയ്ലറ്റ് യൂണിറ്റുകൾ, 3292 അങ്കണവാടി ടോയ്ലറ്റുകൾ എന്നിവയും കൂടാതെ എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും ഖരദ്രവ മാലിന്യ പരിപാലന പ്രോജക്ടുകൾക്കുളള ഘടകവും ഉൾക്കൊളളിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത പ്രവർത്തനങ്ങൾക്ക് സംസ്ഥാന വിഹിതമായി എത്ര തുക അനുവദിച്ചു ; | ബി) തൻ സാമ്പത്തിക വർഷം 40 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും നാളിതുവരെ 9.03 കോടി രൂപ സംസ്ഥാന വിഹിതമായി അനുവദിച്ചിട്ടുണ്ട്. |
| സി) വിവര വിജ്ഞാന വ്യാപനപ്രവർത്തനങ്ങൾ ഈ പദ്ധതിയിൻ കീഴിൽ നടപ്പാക്കി വരുന്നുണ്ടോ ? | സി) ഈ പദ്ധതിയിൻ കീഴിൽ വൈവിദ്ധ്യമാർന്ന വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ